**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4015** **15-07-2022 - ൽ മറുപടിയ്ക്ക്**

**തഴക്കര ഗ്രാമപഞ്ചായത്തിലെയും മാവേലിക്കര മുനിസിപ്പാലിറ്റിയിലെയും റീബിൽഡ് കേരള പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം എസ് അരുൺ കുമാർ | | ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയിൽ ഉൾപ്പെട്ടിരിക്കെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മറ്റ് പദ്ധതികളിൽ ഉൾപ്പെടുത്തി പൂർത്തീകരിച്ച പ്രവൃത്തികൾക്ക് പകരമായി നിർദ്ദേശിക്കപ്പെട്ട തഴക്കര ഗ്രാമപഞ്ചായത്തിലെയും മാവേലിക്കര മുനിസിപ്പാലിറ്റിയിലെയും പ്രവൃത്തികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (എ) | റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയിൽ ഉൾപ്പെട്ട പ്രവൃത്തികൾ ഒന്നും തന്നെ നഗരസഭയിലെ മറ്റു പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ല. 04.11.2020 ലെ സ.ഉ.(കൈ) 170/2020 തസ്വഭവ പ്രകാരം റീബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ ഭാഗമായി ഭരണാനുമതി നൽകിയ തഴക്കര ഗ്രാമപഞ്ചായത്ത് വാർഡ് 2-ലെ കല്ലുമല ഐ.റ്റി.ഐ ജംഗ്ഷൻ പൂറ്റംപാട് മുക്ക് റോഡിന് (15 ലക്ഷം രൂപ), പകരമായി തഴക്കര കല്ലുമല വാർഡിലെ പഴച്ചിറകുളം റോഡ് (15 ലക്ഷം രൂപ) എന്ന പ്രവൃത്തി ഉൾപ്പെടുത്തുന്നതിനായി സൈറ്റ് സന്ദർശിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത പ്രവൃത്തികൾക്ക് ഭരണാനുമതി നല്കുവാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (ബി) | എസ്റ്റിമേറ്റ് ലഭ്യമാകുന്ന മുറയ്ക്ക് ഭരണാനുമതി നൽകുന്ന വിഷയം പരിഗണിക്കുന്നതാണ്. |
| (സി) | പ്രസ്തുത പ്രവൃത്തികൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ എന്ന് അറിയിക്കാമോ? | (സി) | എസ്റ്റിമേറ്റ് ലഭ്യമാകുന്ന മുറയ്ക്ക് ഭരണാനുമതി നൽകുന്ന വിഷയം പരിഗണിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ